## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 252 — 26/02/2018-ൽ മറുപടിക്ക്

### അപ്പീൽ പെറ്റീഷൻ

| ചോദ്യം. | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും<br>വകുപ്പ മന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അഡീഷണൽ പ്രൊഫസർ ഡോ.ശ്രീനാഥ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ (ഫയൽ നമ്പർ 630746/S2/16/H&FWD) എന്നാണ് ഡി.എം.ഇ - ക്ക് റിപ്പോർട്ടിനായി നൽകിയത്; വ്യക്തമാക്കാമോ? | (എ) 30.09.2016 തീയതിയായി 06.10.2016 ലാണ് ഡോ.ശ്രീനാഥ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷനാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിനായി അയച്ചത്. 15.10.2016 ലാണ് പ്രസ്തുത കത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചത്. |
| (ബി) ഇത് സംബന്ധമായി ഡി എം ഇ — ൽ ഉള്ള (ഫയൽ നമ്പർ 30574/F3/16/DME) നമ്പർ ഫയലിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ? | (ബി) ഡോ.ശ്രീനാഥിനെതിരെയുള്ള അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനമുണ്ടാകണമെന്നഭ്യർത്ഥിച്ച് കൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 06.02.2018 തീയതിയായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് 12.02.2018 ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത അപ്പീലിന്മേൽ വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ: എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് വിശദമായതല്ല. ആയതിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു. |
| (ഡി) ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്നും, ഇക്കാര്യത്തിൽ വീഴ്ച വരുത്തിയർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് മേൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ഡി)ഈ കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) രണ്ട് വർഷത്തിലധികമായി മേൽ നടപടി സ്വീകരിക്കാത്ത ടി ഫയലിൽ റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ വേഗത്തിൽ ലഭ്യമാക്കി ഇനിയും കാലതാമസം കൂടാതെ അന്തിമനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) ഡോ.ശ്രീനാഥ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ ഇനിയും കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

222 HEALTH(OS)

ഭരണ ഭാഷ മാതൃഭാഷ

ഇമെ erala@gmail.com
ഫാക്സ് 2443080
ഗ്രാം:

ഫോൺ (ഓഫീസ്) : 2528575
2444270
ഡയറക്ടർ :2444011

കേരള സർക്കാർ
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ് പി.ഒ,
തിരുവനന്തപുരം 695 011

"അടിയന്തിരം"

നമ്പർ 574/2017/മെ.വി.കാ. തീയതി : 06/02/2018

ഗ ... ഡീഷണൽ ചീഫ് സെക്രട്ടറി,
ആ ... ംബ ക്ഷേമ (എസ്) വകുപ്പ്,
തി ... ം.

സർ,

വിഷയം:- മെ.വി.വ - ജീവനകാര്യം - തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.ശ്രീനാഥിന് ചുമത്തിയ പെനാൽറ്റി - നിവേദനം - സംബന്ധിച്ച്.

സൂചന:- 30/09/2016ലെ സർക്കാർകത്ത് നമ്പർ 630746/എസ് 2/2016/ആ.കു.വ

>>>>>> <<<<<<

സൂചന കത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

01/2013-ന് ഒരു ദൃശ്യ മാധ്യമം സർക്കാർ മെഡിക്കൽ കോളേജുകളിലെ
അ ... സ്വകാര്യ പ്രക്ടീസ് നടത്തുന്നു എന്ന വാർത്ത പുറത്തുവിട്ടതിനെ തുടർന്ന്
സർ ... ത്തിലുള്ള ഒരു അന്വേഷണ സംഘം നടത്തിയ കണ്ടെത്തലുകളുടെ
അ ... ിച്ചായിരുന്നു. ജനറൽ മെഡിസിൻ വിഭാഗത്തിലെ അസോസിയേറ്റ്
പ്രൊ ... ഡോ.ശ്രീനാഥിനെതിരെ നടപടി സ്വീകരിച്ചത്. അച്ചടക്ക നടപടികൾ സർക്കാർ
തല ... യിലായാണ് സ്വീകരിച്ചത്. അതിനാൽ അധിക വിവരം ഈ ഓഫീസിൽ ലഭ്യമല്ല.
സർ ... ത്തിൽ ഉചിതമായ തീരുമാനം ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

REGHUKUMAR. S
ADMINISTRATIVE ASSISTANT
DIRECTORATE OF MEDICAL EDUCATION
THIRUVANANTHAPURAM

A.K.

46

GOVERNMENT OF KERALA